**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 79** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>കോട്ടക്കൽ നഗരസഭാ മാർക്കറ്റ് ആധുനികവത്കരണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ധനാനുമതി ലഭ്യമായിട്ടുള്ള കോട്ടക്കൽ നഗരസഭ മാർക്കറ്റ് ആധുനികവൽക്കരണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

<u>മറുപടി:</u> കോട്ടക്കൽ നഗരസഭ മാർക്കറ്റ് ആധുനികവൽക്കരണ പദ്ധതിയ്ക്ക് 09.04.2021 ന കിഫ്ബി ധനാനുമതി നൽകിയിരുന്നു. ടി പ്രവൃത്തിയുടെ ഡിസൈൻ റിവ്യൂ പൂർത്തിയാക്കി സാങ്കേതിക അനുമതി നൽകാനുള്ള നടപടികൾ നിർവ്വഹണ ഏജൻസി ആയ IMPACT കേരളം എടുത്തു വരുന്നു.

**(ബി)** പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനായി നിലവിൽ എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തീകരിക്കാനുണ്ടെന്നും പ്രവൃത്തിക്ക് കിഫ്ബിയുടെ പുതുക്കിയ ധനാനുമതിയും സാങ്കേതികാനുമതിയും ലഭ്യമായിട്ടുണ്ടോയെന്നും വിശദമാക്കാമോ?

<u>മറുപടി:</u> പ്രസ്തുത പ്രവർത്തി ആരംഭിക്കുന്നതിന് ഡിസൈൻ റിവ്യൂ പൂർത്തികരിച്ച് കിഫ്ബി അംഗീകരിക്കുന്ന Structural Drawings പ്രകാരം PRICE 3 ൽ എസ്റ്റിമേറ്റുകൾ തയ്യാറാക്കി സാങ്കേതികാനുമതി നേടേണ്ടതുണ്ട്. ഡിസൈൻ മാറ്റവും DSR മാറ്റവും മൂലം എസ്റ്റിമേറ്റ് തുക അധികരിക്കുവാൻ സാധ്യത ഉള്ളതിനാൽ കിഫ്ബിയുടെ സാമ്പത്തിക അനുമതിയും പുതുക്കേണ്ടതായുണ്ട്. അതിന് ശേഷം നിർവഹണ ഏജൻസിയ്ക്ക് പ്രവർത്തിയുടെ ടെണ്ടർ നടപടികളിലേക്ക് കടക്കാവുന്നതാണ്. Structural Drawings ൽ കിഫ്ബി നിർദ്ദേശിച്ച തിരുത്തലുകൾ വരുത്തുവാൻ നഗരസഭയ്ക്കും നഗരസഭ നിയോഗിച്ച കൺസൾട്ടന്റിനും നിർദ്ദേശം നൽകിയിട്ടുണ്ട് എന്ന് പദ്ധതി നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട് .

**സെക്ഷൻ ഓഫീസർ**